സാങ്കേതിക പരീക്ഷാ കൺട്രോളറുടെ
കാര്യാലയം, കൈമനം, തിരുവനന്തപുരം

നം: ഡി1/1318/2019/സി.റ്റി.ഇ തീയതി: 27.03.2019

# വിജ്ഞാപനം നമ്പർ. 14/2019

വിഷയം:– സാങ്കേതിക പരീക്ഷാ വിഭാഗം – ഡിപ്ലോമ പരീക്ഷകൾ/ എഞ്ചിനിയറിംഗ്/ടെക്നോളജി/മാനേജ്മെന്റ്/കൊമേഴ്ഷ്യൽ പ്രാക്ടീസ്/(റിവിഷൻ 2010) ഏപ്രിൽ 2019 – മെഴ്സി ചാൻസ് – സംബന്ധിച്ച്.

സൂചന:– 1. G.O (MS) No. 766/2014/H Edn, dated 05.09.2014.
2. G.O (RT) No. 697/2017/H Edn, dated 11.04.2017.
3. G.O (RT) No. 368/2019/H Edn, dated 07.03.2019.

മേൽ സൂചന 1, 2 പ്രകാരം റിവിഷൻ 2010 സ്കീമിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ രജിസ്ട്രേഷൻ കാലാവധി 8 വർഷമായി സർക്കാർ നിജപ്പെടുത്തിയിട്ടുണ്ട്. ഇതിൻ പ്രകാരം 2010 അധ്യയന വർഷത്തിൽ പ്രവേശനം നേടിയവരുടെയും അതിനു മുൻപ് നിലനിന്നിരുന്ന സ്കീമുകളിൽ നിന്നും 2010 സ്കീമിലേക്ക് മാറ്റം നേടിയ വിദ്യാർത്ഥികളുടെയും രജിസ്ട്രേഷൻ 2018 മാർച്ചിൽ റദ്ദായിട്ടുള്ളതാണ്. ഈ വിഭാഗത്തിൽപ്പെടുന്ന ഇനിയും ഡിപ്ലോമ പൂർത്തിയാക്കിയിട്ടില്ലാത്ത വിദ്യാർത്ഥികൾക്ക് ഒരു മെഴ്സി ചാൻസ് നൽകുവാൻ സൂചന 3 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ മെഴ്സി ചാൻസിന് താഴെ പറയുന്ന നിബന്ധനയ്ക്ക് വിധേയമായി അപേക്ഷിക്കാവുന്നതാണ്.

(1) 2010 വർഷത്തിൽ പ്രവേശനം നേടിയവർക്കും മറ്റ് റിവിഷനുകളിൽ നിന്നും 2010 റിവിഷനിലേക്ക് മാറ്റം നടത്തുക ചെയ്തവർക്കും അപേക്ഷിക്കാവുന്നതാണ്. (നിലവിൽ 2010 സ്കീമിൽ പെർമനന്റ് രജിസ്റ്റർ നമ്പർ ഉള്ളവർ).

(2) 2010 റിവിഷന് മുൻപുള്ള സ്കീമുകളിൽ അഡ്മിഷൻ എടുത്ത് ഡിപ്ലോമ പാസ്സാകാത്തവർ 2010 സ്കീമിൽ രജിസ്ട്രേഷൻ നേടി തത്തുല്ല്യ വിഷയങ്ങൾ ജയിക്കേണ്ടതാണ്.

(3) മുൻ സ്കീമുകളിൽ നിന്നും 2010 സ്കീമിലേക്ക് മാറ്റം അപേക്ഷിക്കുന്ന വിദ്യാർത്ഥികൾ **സ്കീം ഒന്നിന് 500 (അഞ്ഞൂറ് രൂപ)** നിരക്കിൽ ഫീസ് ഒടുക്കേണ്ടതാണ്.

(4) പരീക്ഷകൾ സംസ്ഥാനത്തെ 3 കേന്ദ്രങ്ങളിൽ (തിരുവനന്തപുരം, കളമശ്ശേരി, കോഴിക്കോട്) വച്ചായിരിക്കും നടത്തപ്പെടുക. പരീക്ഷാർത്ഥികൾക്ക് താൽപ്പര്യമുള്ള കേന്ദ്രങ്ങൾ തിരഞ്ഞെടുക്കാവുന്നതാണ്. ഒരിക്കൽ തിരഞ്ഞെടുത്ത പരീക്ഷാ കേന്ദ്രം പിന്നീട് യാതൊരു സാഹചര്യത്തിലും മാറ്റുന്നതായിരിക്കില്ല.

<u>പരീക്ഷാ ഫീസ് സംബന്ധിച്ച വിവരങ്ങൾ</u>

(5) പരീക്ഷയ്ക്ക് അപേക്ഷിക്കുന്ന വിദ്യാർത്ഥികൾ താഴെപ്പറയും വിധം ഫീസ് ഒടുക്കേണ്ടതാണ്.
മിനിമം 1000 രൂപ (1 മുതൽ 5 വിഷയങ്ങൾ വരെ) അഞ്ച് വിഷയങ്ങൾക്ക് മുകളിൽ പേപ്പർ 1 നു 200 രൂപ നിരക്കിൽ അധികം ഫീസ് അടയ്ക്കേണ്ടതാണ്. (ഫീസ് ഒടുക്കിയ ചെലാൻ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്). ട്രഷറിയിൽ ഫീസ് ഒടുക്കേണ്ട ഹെഡ് – 0202-02-101-98- Examination Fees
ഫീസ് അടയ്ക്കേണ്ട അവസാന തിയതി 27.04.2019. പരീക്ഷയ്ക്ക് അപേക്ഷിക്കുന്നതിന് വേണ്ടി ഇതിനോടൊപ്പം നൽകിയിട്ടുള്ള അപേക്ഷകൾ യഥാവിധി പൂരിപ്പിച്ച് നിർദ്ദിഷ്ട ഫീസ് ഒടുക്കി വിദ്യാർത്ഥി അവസാനം പഠിച്ച സ്ഥാപനത്തിലെ വകുപ്പ് മേധാവി, പ്രിൻസിപ്പാൾ വന്നിവരുടെ ശുപാർശയോടെ തിരുവനന്തപുരത്തെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിലേക്ക് 10.05.2019 ന് മുൻപ് അയച്ചു തരേണ്ടതാണ്. അയയ്ക്കുന്ന കവറിന്റെ മുകളിൽ ''ഡിപ്ലോമ പരീക്ഷ – മെഴ്സി ചാൻസ് അപേക്ഷ'' എന്ന് രേഖപ്പെടുത്തേണ്ടതാണ്. അപേക്ഷ അയക്കേണ്ട വിലാസം:

**ജോയിന്റ് കൺട്രോളർ,**
**സാങ്കേതിക പരീക്ഷാ കൺട്രോളറുടെ കാര്യാലയം,**
**കൈമനം(പി.ഒ),**
**തിരുവനന്തപുരം – 40.**

ഈ പ്രത്യേക മെഴ്സി ചാൻസ് 2010 വർഷത്തിലോ, അതിനു മുൻപ് പ്രവേശനം നേടിയതോ ആയ വിദ്യാർത്ഥികൾക്ക് ഡിപ്ലോമ കോഴ്സ് പൂർത്തിയാക്കാനുള്ള അവസാന അവസരമായിരിക്കും.

പരീക്ഷാ ടൈം ടേബിൾ സാങ്കേതിക പരീക്ഷാ കൺട്രോളറുടെ വെബ്സൈറ്റായ tekerala.org എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.

ജോയിന്റ് കൺട്രോളർ